**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1371 — 04-02-2019 -ൽ മറുപടിക്ക്

## പ്രളയാനന്തര നഷ്ടപരിഹാരം നൽകുന്നതിനുള്ള അപേക്ഷകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കെ. ശശീന്ദ്രൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തെ തുടർന്ന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് കല്പറ്റ നിയോജക മണ്ഡലത്തിൽപ്പെട്ട എത്ര അപേക്ഷകൾ ഇനിയും പരിഗണിക്കാനുണ്ട്; ഇവർക്കുള്ള നഷ്ടപരിഹാരം എന്ന് പൂർണ്ണമായും നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ; | എ) & ബി) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രളയക്കെടുതികളിൽ വീടുകൾക്ക് ഭാഗിക നാശനഷ്ടം സംഭവിച്ചവരിൽ 2231 അപേക്ഷകളിൽ 1867 പേർക്ക് അനുവദനീയമായ ദുരിതാശ്വാസം അനുവദിച്ചു. പൂർണ്ണമായി ഭവനനാശം സംഭവിച്ചതായി കണക്കാക്കിയിട്ടുള്ള 98 പേർക്ക് ആദ്യ ഗഡുവായി 1,01,900/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ തുകയ്ക്ക് ഉപരിയായ തുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് വീടിന്റെ ഓരോ നിർദ്ദിഷ്ട ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്കാണ്. പ്രസ്തുത തുകയുടെ 50% വീട് നിർമ്മാണത്തിന്റെ 25% പൂർത്തിയാക്കുമ്പോഴും തുടർന്നുള്ള 50 % വീട് നിർമ്മാണത്തിന്റെ 75% പൂർത്തിയാകുമ്പോഴും അനുവദിക്കുന്നതാണ്. അത് പ്രകാരം വീട് നിർമ്മാണത്തിന്റെ ഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |
| ബി) | ഇപ്രകാരം എത്ര പേർക്ക് പൂർണ്ണമായും നഷ്ടപരിഹാരം നൽകിയെന്നും എത്ര പേർക്ക് ഭാഗികമായി നഷ്ടപരിഹാരം നൽകിയെന്നും വിശദമാക്കുമോ; | | |
| സി) | കല്പറ്റ നിയോജക മണ്ഡലത്തിലെ എത്ര ആളുകൾക്ക് പ്രളയത്തെ തുടർന്ന് വീട് നഷ്ടമായെന്നും എത്ര പേർക്ക് വീടും സ്ഥലവും നഷ്ടമായെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ അറിയിക്കുമോ? | സി) | കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 202 പേർക്ക് വീടും 37 പേർക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ